**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 577** | **23-07-2021 - ൽ മറുപടിയ്ക്ക്**

**കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ. പി. നന്ദകുമാർ** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | കാലാവസ്ഥ വ്യതിയാനം കടലേറ്റം രൂക്ഷമാക്കുന്ന സാഹചര്യത്തിൽ കടലാക്രമണ പ്രതിരോധത്തിനു നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഹാർബറുകളോടനുബന്ധിച്ചുള്ള തീരപ്രദേശങ്ങളിലെ കടലാക്രമണ പ്രതിരോധത്തിനും, തീരദേശ നിവാസികളുടെ സുരക്ഷയ്ക്കുമായി KIIFB ഫണ്ടുപയോഗിച്ച് 101.51 കോടി രൂപയുടെ പ്രവൃത്തികൾ മുതലപ്പൊഴി, ചേറ്റുവ, മഞ്ചേശ്വരം, തലായ്, തോട്ടപ്പള്ളി, കായംകുളം, കൊല്ലം-താന്നി, പൂന്തുറ-വലിയതുറ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. തലായിലെ ഗ്രോയിൻ പ്രവൃത്തി പൂർത്തികരിച്ചിട്ടുണ്ട്. ചേറ്റുവ, മഞ്ചേശ്വരം, കൊല്ലം-താന്നി പ്രവൃത്തികൾ പുരോഗമിക്കുന്നു. കൂടാതെ NABARD-RIDF- XXV-ൽ ഉൾപ്പെടുത്തി 7.14 കോടി രൂപയുടെ തീരസംരക്ഷണ പ്രവൃത്തി മലപ്പുറം ജില്ലയിലെ പുറത്തൂർ പഞ്ചായത്തിലെ പള്ളിക്കടവിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | കടലാക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ ജലവിഭവ വകുപ്പുമായി ചേർന്ന് കടൽഭിത്തി നിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ജലവിഭവ വകുപ്പുമായി ചേർന്ന് വകുപ്പിന് കടൽഭിത്തി നിർമ്മാണത്തിനുള്ള പദ്ധതികളൊന്നും നിലവിലില്ല. കടൽഭിത്തി നിർമ്മാണം ഇറിഗേഷൻ വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്. |
| (സി) | കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ വസിക്കുന്നവരെ സുരക്ഷിത ദൂരത്തേക്ക് മാറ്റി പാർപ്പിക്കാനുള്ള ബൃഹത് പദ്ധതിയായ 'പുനർഗേഹം' സമയബന്ധിതമായി പൂർത്തിയാക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | തീരദേശത്ത് 50 മീറ്റർ വേലിയേറ്റ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളേയും സുരക്ഷിത മേഖലയിലേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിന് ലക്ഷ്യമിടുന്ന പുനർഗേഹം പദ്ധതി പ്രകാരം നിലവിൽ 10307 ഗുണഭോക്താക്കളെ ജില്ലാതല അപ്പ്രൂവൽ കമ്മിറ്റി അംഗീകരിക്കുകയും ആയതിൽ 7692 പേർ മാറിത്താമസിക്കുവാൻ സമ്മതം അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഭവന നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി കണ്ടെത്തിയ 2129 ഗുണഭോക്താക്കളുടെ ഭൂമി വില ജില്ലാതല |

| | | | |
|---|---|---|---|
| | | | മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിക്കുകയും ആയതിൽ 1596 പേർ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 1109 ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിക്കുകയും 368 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഫിഷറീസ് ഡയറക്ടർ, സെക്രട്ടറി, മന്ത്രി തലങ്ങളിൽ അവലോകന യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ